# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 11, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖം - സഹകരണ വകുപ്പ് മന്ത്രി**

**<u>വിഴിഞ്ഞം തുറമുഖത്തിൽ നിന്നുള്ള ചരക്ക് നീക്കം സുഗമമാക്കാൻ നടപടി</u>**

*31 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്നുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കാനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചരക്കുനീക്കത്തിലെ നിലവിലെ പരിമിതികൾ പരിഹരിക്കുന്നതിന് ഏതെല്ലാം റോഡുകളുടെ വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിർദ്ദിഷ്ട വിഴിഞ്ഞം-ബാലരാമപുരം ഭൂഗർഭ റെയിൽപ്പാതയുടെ ഡി.പി.ആർ.ന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ഭൂഗർഭ റെയിൽപ്പാതയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെയും പ്രതീക്ഷിക്കുന്ന ചെലവിന്റെയും വിശദാംശം ലഭ്യമാക്കാമോ?

**<u>കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ</u>**

*32 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കുകൾ സ്ഥാപിക്കുന്നതിന് ഏത് വിധത്തിൽ മുതൽമുടക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അത്തരം പാർക്കുകളിൽ ഏതൊക്കെ തരം ഉല്പന്നങ്ങൾക്കാണ് മുൻഗണന നൽകാൻ ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ;

(ഡി) ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യമേഖലയിലെ കോളേജുകളെയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പാർക്കുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നല്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശം അറിയിക്കാമോ?

<u>**സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി**</u>

*33 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) നികുതി പിരിവിലെ കെടുകാര്യസ്ഥതയും അഴിമതിയും ധൂർത്തുമാണ് പ്രസ്തുത പ്രതിസന്ധിക്ക് കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാമ്പത്തിക പ്രതിസന്ധി മൂലം ക്ഷേമ പ്രവർത്തനങ്ങളും മറ്റു ആനുകൂല്യങ്ങളും മുടങ്ങിയ സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ആറു മാസം കുടിശികയായ സാഹചര്യത്തിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>**പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം**</u>

*34 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിനെ സംസ്ഥാനത്തെ ഏറ്റവും ഉയർന്ന വിറ്റുവരവുള്ള സ്ഥാപനമായി മാറ്റുന്നതിന് ഈ സർക്കാർ നടത്തിയ ഇടപെടലുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പുവർഷം എത്ര കോടി രൂപയുടെ വിറ്റുവരവാണ് കെൽട്രോൺ പ്രതീക്ഷിക്കുന്നതെന്നും അതിനായി എന്തെല്ലാം മുൻകരുതലുകളാണ്

സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(സി) രാജ്യത്താകെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും സ്വീകരിച്ച തീരുമാനങ്ങളുടെ ഫലമായുള്ള പുരോഗതി വ്യക്തമാക്കാമോ?

<u>**നികുതി ചോർച്ച തടയുന്നതിനുള്ള പ്രവർത്തനങ്ങൾ**</u>

*35 **ശ്രീ എം നൗഷാദ്**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി ചോർച്ച തടയുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നികുതി കുടിശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നടപ്പാക്കിവരുന്ന സ്കീമുകൾ വിശദമാക്കുമോ;

(സി) ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം നടത്തിയ ഓപ്പറേഷൻ പാംട്രീ പരിശോധനയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>**സംസ്ഥാനം നേരിടുന്ന സാമ്പത്തിക അസന്തുലിതാവസ്ഥ**</u>

*36 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക അസന്തുലിതാവസ്ഥ സംബന്ധിച്ച് ആശയക്കുഴപ്പം സൃഷ്ടിക്കുന്ന തരത്തിൽ വാർത്തകൾ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതിലൂടെ സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ള വരുമാന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാന സർക്കാരിനെതിരെയുള്ള കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കടന്നാക്രമണം ചോദ്യം ചെയ്ത് സുപ്രീംകോടതിയിൽ നൽകിയിട്ടുള്ള ഹർജി ഭരണഘടനാ ബഞ്ചിന് റഫർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>**പുരപ്പുറ സോളാർ പദ്ധതി**</u>

*37 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**

**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

**<u>പെട്രോ കെമിക്കൽ പാർക്ക്</u>**

*38 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോ കെമിക്കൽ ഹബ് ആക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ ലക്ഷ്യമിടുന്ന നിക്ഷേപം എത്ര; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാർക്കിൽ നിക്ഷേപം നടത്തുവാൻ ഏതെല്ലാം വൻകിട കമ്പനികളാണ് സന്നദ്ധമായിട്ടുള്ളതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

**<u>ലോജിസ്റ്റിക്സ് ഈസ് എക്രോസ് ഡിഫറന്റ് സ്റ്റേറ്റ്സ്</u>**

*39 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ലോജിസ്റ്റിക്സ് ഈസ് എക്രോസ് ഡിഫറന്റ് സ്റ്റേറ്റ്സ് (ലീഡ്സ്) അസ്സസ്മെന്റ് പ്രകാരം സംസ്ഥാനത്തെ ലോജിസ്റ്റിക് മേഖലയ്ക്ക് ഫാസ്റ്റ് മൂവർ കാറ്റഗറിയിൽ സ്ഥാനം ലഭ്യമായിട്ടുണ്ടോ; ഈ മേഖലയുടെ പുരോഗതിക്കായി സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ മേഖലകളിലെ നേട്ടങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തിന് അച്ചീവർ സ്ഥാനം നേടാനായിട്ടുള്ളത്; വിശദമാക്കുമോ;

(സി) ലോജിസ്റ്റിക്സ് പാർക്കുകളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് കരട് നയം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>സഹകരണ വകുപ്പിനും സ്ഥാപനങ്ങൾക്കും ലഭിച്ച അംഗീകാരങ്ങൾ</u>**

*40 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**

**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും സഹകരണ സ്ഥാപനങ്ങൾ ലോക സഹകരണ മോണിറ്ററിന്റെ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സാമൂഹ്യ സുരക്ഷാ മേഖലയിൽ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; സാമൂഹിക ഉത്തരവാദിത്തം നിറവേറ്റുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾക്ക് വകുപ്പിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങളുടെ വിശദാംശം നൽകുമോ?

## ടേൺ ഓവർ ടാക്സ് പിരിവ് കാര്യക്ഷമമാക്കാൻ നടപടി

*41 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ നിന്നുള്ള മദ്യവില്പനയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട വില്പന നികുതി അഥവാ ടേൺ ഓവർ ടാക്സ് പിരിവ് കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 മുതൽ ബാർ ഹോട്ടലുകൾ നൽകുന്ന പ്രതിമാസ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന വിൽപ്പന വിവരം ഇന്റലിജൻസ് വർഷം തോറും പരിശോധിക്കുന്ന നടപടി നിലച്ചു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ മദ്യവില്പനയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട ടേൺ ഓവർ ടാക്സ് പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ജി.എസ്.ടി. എൻഫോഴ്സ്മെന്റ് വിഭാഗത്തിന് പരിശീലനം

*42 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നാല്പത്തിയാറ് ലക്ഷത്തോളം രൂപ ചെലവഴിച്ച് പഞ്ചനക്ഷത്ര സൗകര്യങ്ങളിൽ പരിശീലനം നൽകിയതിനുള്ള കാരണം വിശദമാക്കാമോ;

(ബി) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള ധൂർത്ത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ധൂർത്തും പാഴ് ചെലവുകളും ഒഴിവാക്കി സാമ്പത്തിക അച്ചടക്കം കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യസംസ്കരണ-മൂല്യവർദ്ധിത മേഖലകളിലെ പദ്ധതികൾ

*43 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസംസ്കരണ-മൂല്യവർദ്ധിത മേഖലകളിൽ സംസ്ഥാനത്തെ വിപുലമായ അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലകളിൽ നിക്ഷേപത്തിന് താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് ആഗോളനിക്ഷേപകർ സമീപിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) വ്യവസായ സൗഹൃദ അന്തരീക്ഷം പ്രയോജനപ്പെടുത്തി ഭക്ഷ്യസംസ്കരണ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്രധാൻ മന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുവാൻ സാധിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

## സൗരോർജ്ജ വൈദ്യുതോൽപ്പാദനം

*44 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഭീമമായ മൂലധനനിക്ഷേപവും പരിസ്ഥിതിക്കുണ്ടാകുന്ന കനത്ത ആഘാതവും കണക്കിലെടുക്കുമ്പോൾ വൈദ്യുതോൽപ്പാദനത്തിനായി ജലം പോലുള്ള പാരമ്പര്യ ഉറവിടങ്ങളെ ആശ്രയിക്കുന്നതിന് ഇനിയുള്ള കാലത്ത് പരിമിതികളുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ വലിയ ചെലവിൽ വൈദ്യുതി വാങ്ങേണ്ടിവരുന്നതിനാൽ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സഹായങ്ങളും നൽകേണ്ട സാഹചര്യമാണുള്ളത് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) താങ്ങാനാവാത്ത വൈദ്യുതി ബില്ലിൽ നിന്ന് രക്ഷപ്പെടാനാണ് പണമില്ലാത്തവർ പോലും ലോൺ എടുത്തും സോളാർ സ്ഥാപിക്കുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സൗരോർജ്ജ പദ്ധതി തകർക്കാൻ ഗ്രോസ് മീറ്റർ സമ്പ്രദായം ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. ഒരുങ്ങുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വിശദമാക്കാമോ?

## സോളാർ വൈദ്യുതോല്പാദനത്തിന് ഡ്യൂട്ടി

*45 **ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ വൈദ്യുതോല്പാദനത്തിന് സർക്കാർ ഡ്യൂട്ടി ചുമത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഡ്യൂട്ടി ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പുരപ്പുറ സൗരോർജ്ജ ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി. ചുമത്തുന്ന തുക കൂട്ടുന്നതിനു കാരണം പ്രസ്തുത ഡ്യൂട്ടിയാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വൈദ്യുതി ഉല്പാദിപ്പിച്ച് കെ.എസ്.ഇ.ബി.യ്ക്ക് നൽകുന്ന ഓൺഗ്രിഡ് ഉല്പാദക-ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഡ്യൂട്ടി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## <u>സഹകരണ മേഖലയിലെ സ്വകാര്യവല്ക്കരണം</u>

*46 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന സ്വകാര്യവൽക്കരണം സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതുമേഖലയെ ആകെ ഗ്രസിച്ചിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ തത്വങ്ങൾക്ക് ആഘാതമുണ്ടാക്കുന്നതും സഹകരണ സ്ഥാപനങ്ങളെ തകർച്ചയിലേക്ക് നയിക്കുന്നതുമായ ഏതൊരു നീക്കത്തിനെതിരെയും സഹകാരികളുടെ ജാഗ്രതയും ഇടപെടലുകളും ആവശ്യമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തി പിടിക്കുന്ന ബദൽ മാതൃകകളും ഉൽപാദനരംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പ്പുകളും പൊതുസമൂഹത്തിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ചെറുകിട വഴിയോര കച്ചവടക്കാർ, ചെറുസംരംഭകർ, ഓട്ടോറിക്ഷാ തൊഴിലാളികൾ തുടങ്ങിയവർക്ക് പരസ്പരജാമ്യത്തിൽ നിശ്ചിത തുക വായ്പയായി നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സാമൂഹിക സുരക്ഷാ പെൻഷൻ കുടിശിക ആയതിനുള്ള കാരണം</u>

*47 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**

**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹിക സുരക്ഷാ പെൻഷൻ മാസങ്ങളായി കുടിശികയായ സാഹചര്യമുണ്ടോ;

(ബി) പെട്രോളിനും ഡീസലിനും സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തിയതടക്കമുള്ള നികുതി വർദ്ധനവ് നടപ്പിലാക്കിയിട്ടും പ്രസ്തുത പെൻഷൻ കുടിശിക ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) സാമൂഹിക സുരക്ഷാ പെൻഷനുകളുടെ കുടിശിക തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) സാമൂഹിക സുരക്ഷാ പെൻഷനുകൾ അതത് മാസം തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>സംരഭക വർഷം പദ്ധതിയുടെ പുരോഗതി</u>

*48 **ഡോ. സുജിത് വിജയൻപിള്ള**
**ഡോ. കെ. ടി. ജലീൽ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെ ഗുണഫലങ്ങൾ നവസംരംഭകർക്ക് പകർന്ന് നൽകുന്നതിനായി ആരംഭിച്ച സംരംഭക വർഷം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സമഗ്ര വിജയത്തിനായി മറ്റു വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നതിനുള്ള അംഗീകാരമെന്ന നിലയിൽ ദേശീയ പുരസ്കാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

## <u>വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അനുബന്ധ സൗകര്യം</u>

*49 **ശ്രീ ഡി കെ മുരളി**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതിനനുസരിച്ച് എത്ര ശതമാനം ചരക്കുനീക്കം കരമാർഗ്ഗം നടത്തേണ്ടി വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള റോഡ് സൗകര്യങ്ങൾ ഇതിന് പര്യാപ്തമല്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) തൽക്കാലത്തേയ്ക്ക് കണ്ടെയ്നർ ലോറികൾക്ക് ദേശീയപാതയിൽ സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കുന്നതിനുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(ഡി) തുറമുഖത്ത് നിന്നുള്ള ചരക്കുനീക്കത്തിന് നിർദ്ദിഷ്ട ഔട്ടർ റിംഗ് റോഡ് കൂടുതൽ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഔട്ടർ റിങ്ങ് റോഡ് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം പ്രാഥമിക നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>**വെള്ളം പുനരുപയോഗിച്ച് വൈദ്യുത ഉൽപാദനം**</u>

*50 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളിൽ വൈദ്യുതോൽപ്പാദനം കഴിഞ്ഞ് പുറന്തള്ളുന്ന വെള്ളം പുനരുപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവാകുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോയെന്നും അതിനുള്ള തുക എപ്രകാരം കണ്ടെത്താനാകുമെന്നാണ് കരുതുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>**സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ നടപടി**</u>

*51 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ തെറ്റായ നയവും പ്രതികൂലമായ കാലാവസ്ഥയും മൂലം സംസ്ഥാനത്തെ റബ്ബർ വ്യവസായം നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>**വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ചുള്ള നികുതി വെട്ടിപ്പുകൾ**</u>

*52 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നികുതി വെട്ടിപ്പുകൾ നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ജി.എസ്.ടി. ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ തട്ടിപ്പുകൾ കണ്ടെത്തുന്നതിനായി പരിശോധനകൾ നടത്താറുണ്ടോ; അടുത്തകാലത്തായി നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ നികുതി വെട്ടിപ്പുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ നികുതി ചോർച്ച ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ

*53 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**

**ശ്രീ. എം. എം. മണി**

**ശ്രീ. പി. വി. അൻവർ**

**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷാവസാനം ട്രഷറി പൂട്ടുമെന്നും പെൻഷനും ശമ്പളവും മുടങ്ങുമെന്നും വികസന പദ്ധതികൾ ആകെ താളംതെറ്റുമെന്നുമുള്ള പ്രചരണങ്ങൾ എങ്ങനെയാണ് മറികടന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ തനതുവരുമാനം ഉയർത്തുന്ന പദ്ധതിനിർവഹണത്തിലും കടം നിയന്ത്രിക്കുന്നതിലും മികച്ച നേട്ടം കൈവരിക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സി.&എ.ജി.യുടെ അർദ്ധവാർഷിക സാമ്പത്തിക അവലോകനത്തിൽ സംസ്ഥാനത്തിന്റെ ധനദൃഢീകരണ പ്രവർത്തനങ്ങൾ കരുത്താർജ്ജിക്കുന്നതായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സർക്കാർ വിരുദ്ധ പ്രചാരകർക്കുള്ള മറുപടിയായി വിലയിരുത്താവാൻ കഴിയുമോ; വിശദമാക്കാമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

## ക്ഷേമപെൻഷൻ മസ്റ്ററിംഗ്

*54 **ശ്രീമതി കാനത്തിൽ ജമീല**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീമതി ഒ എസ് അംബിക**

**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യ ക്ഷേമ-ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്കായുള്ള

മസ്റ്ററിംഗ് നടപടികൾ കാര്യക്ഷമവും സുതാര്യവുമായി നടത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്താക്കുമോ;

(ബി) സാമൂഹ്യ ക്ഷേമ പെൻഷൻകാർക്കൊപ്പം ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കളുടെയും മസ്റ്ററിംഗ് സേവന പെൻഷൻ പോർട്ടലിൽ സംയോജിപ്പിച്ചതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) മസ്റ്ററിംഗ് പ്രവൃത്തിയുടെ നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) കിടപ്പു രോഗികൾക്കും ഭിന്നശേഷിക്കാർക്കും വീട്ടിൽ പെൻഷൻ എത്തിക്കുന്നതിലൂടെ സംസ്ഥാന സർക്കാരിന് പ്രതിവർഷമുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് അറിയിക്കാമോ?

**<u>ഓരോ നിയോജക മണ്ഡലത്തിലും ഒരു വ്യവസായകേന്ദ്രം</u>**

*55 **ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചും ഓരോ നിയോജക മണ്ഡലത്തിലും ഒരു വ്യവസായകേന്ദ്രം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്കുള്ള അനുമതികൾ ഏകജാലകം വഴി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>സാമൂഹ്യക്ഷേമ പെൻഷനിലെ കേന്ദ്ര വിഹിതം</u>**

*56 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷനിലെ കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തതിനാൽ പ്രസ്തുത വിഹിതം കൂടി സംസ്ഥാന സർക്കാർ മുൻകൂറായി വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേന്ദ്ര വിഹിതം തക്കസമയത്ത് ലഭിക്കാതിരുന്നതുമൂലം പെൻഷൻ വിതരണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സാമൂഹ്യക്ഷേമ പെൻഷൻ തുകയിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വിശദമാക്കാമോ;

(ഡി) കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം ഇടപെടലാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ?

## സ്വകാര്യ-സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ

*57 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി ദെലീമ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അതിലൂടെ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുമായി കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുമേഖലയിലെ വ്യവസായ പാർക്കുകൾക്ക് പുറമെ സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലും വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള തീരുമാനം നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനുള്ള കരട് വ്യവസ്ഥകൾ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

*58 **ശ്രീ. എ. രാജ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക-ഉല്പാദന മേഖലകൾ ദേശീയ ശരാശരിയിലും മുകളിൽ വളർച്ച കൈവരിക്കുന്നത് ലക്ഷ്യമിട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇന്ത്യയുടെ സൗരപര്യവേക്ഷണ ഉപഗ്രഹത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) രാജ്യത്തെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ ഉല്പാദന കേന്ദ്രം പൊതുമേഖലയിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ റാങ്കിംഗ് നൽകുന്ന നടപടി നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കുമോ?

## സഹകരണ സംഘങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണി

*59 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. എം. എം. മണി**
**ശ്രീ. കെ. ബാബു (നെന്മാറ)**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടുതൽ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) രാജ്യത്തെ ഏറ്റവും വലിയ അന്താരാഷ്ട്ര വ്യാപാര മേളയിലൂടെ സംസ്ഥാനത്ത് നിന്നുള്ള ഉല്പന്നങ്ങൾ ലോകത്തിന് മുന്നിൽ പരിചയപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ മേഖലയിലെ ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സഹകരണ മേഖലയിൽ സംസ്ഥാനം നേടിയിട്ടുള്ള പുരോഗതി പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിന് സഹകരണ എക്സ്പോ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

<u>**വ്യവസായ വാണിജ്യ മേഖലയിലെ പുരോഗതി**</u>

*60 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വാണിജ്യ മേഖലയിൽ സംസ്ഥാനം നേടിയ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് രാജ്യത്തെ വിവിധ സംസ്ഥാനങ്ങളെക്കുറിച്ച് പഠനം നടത്തുന്ന എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരം ഈ മേഖലയിൽ കൂടുതൽ പുരോഗതി കൈവരിക്കാനുതകുന്ന തരത്തിൽ സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂൺ 3, തിങ്കൾ

ഷാജി സി. ബേബി,
സെക്രട്ടറി ഇൻ ചാർജ്

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].